# അനുബന്ധം

## അനുബന്ധം-1

### ചോദ്യം നമ്പർ (*213)-ന്റെ 'ബി' പിരിവിന്റെ വിശദമായ മറുപടി

കോർപ്പറേഷനിൽനിന്നും വായ്പ അനുവദിക്കുന്നതിനുള്ള പൊതുവായ നിബന്ധനകൾ താഴെപ്പറയുന്ന പ്രകാരമാണ്.

(1) അപേക്ഷകർ പട്ടിക വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.

(2) അപേക്ഷകരുടെ പ്രായപരിധി 18 - 55 വയസ്സിനുള്ളിൽ ആയിരിക്കണം.

(3) എൻ.എസ്.എഫ്.ഡി.സി., എൻ.എസ്.ടി.എഫ്.ഡി.സി. പദ്ധതികളിലെ വായ്പയ്ക്ക് അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. മറ്റു പദ്ധതികൾക്ക് വ്യത്യസ്ത വരുമാന പരിധിയാണുള്ളത്.

(4) വായ്പയ്ക്ക് ജാമ്യമായി സ്വീകരിക്കുന്നവ -

(a) വസ്തു ജാമ്യം

(b) ഉദ്യോഗസ്ഥ ജാമ്യം

(c) നിർദിഷ്ട ധനകാര്യ സ്ഥാപനങ്ങളുടെ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ്

(d) എൽ.ഐ.സി. പോളിസി

(വിവിധ വനിതാ ശാക്തീകരണ പദ്ധതികളായ വനിതാ ശാക്തീകരണ പദ്ധതി (ഗ്രൂപ്പ്), വനിതാ ശാക്തീകരണ പദ്ധതി (സി.ഡി.എസ്.) എന്നിവയ്ക്ക് ജാമ്യം ആവശ്യമില്ല.)

ചോദ്യം നമ്പർ (*214)-ന്റെ ‘ (എ)’ പിരിവിന്റെ വിശദമായ മറുപടി

ഒന്ന് മുതൽ 12 വരെയുള്ള ക്ലാസ്സുകളിലായി പ്രതിവർഷം 75598 പട്ടികവർഗ്ഗ വിദ്യാർഥികളാണ് സ്കൂളുകളിൽ എത്തുന്നത്. പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വിദ്യാർഥികളുടെ സാർവത്രിക എൻറോൾമെന്റും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതിനും പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിജയ ശതമാനം

വർധിപ്പിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- **മോഡൽ പ്രീ-സ്കൂളുകൾ**

പ്രീ-പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 31 മോഡൽ പ്രീ-സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 31 സ്ഥാപനങ്ങളിലായി 500 കുട്ടികൾ പഠനം നടത്തി വരുന്നുണ്ട്. കുട്ടികൾക്ക് സമീകൃത പോഷകാഹാരങ്ങൾ ലഭിക്കത്തക്ക രീതിയിലാണ് മെനു തയ്യാറാക്കിയിട്ടുള്ളത്.

പട്ടികവർഗ്ഗ മേഖലകളിലെ ഒന്നാം ക്ലാസിൽ ചേർക്കാൻ പ്രായത്തിലുള്ള എല്ലാ കുട്ടികളുടെയും പഠനം ഉറപ്പാക്കുന്നതിനും സ്കൂൾ എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർ എന്നിവർ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, പ്രാദേശിക സർക്കാരുകൾ (ഗ്രാമപഞ്ചായത്ത്), സമഗ്ര ശിക്ഷാ കേരള, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെകൂടി സംയുക്ത

ഇടപെടലുകളുടെ ഭാഗമായി വിദ്യാർഥികളുടെ എൻറോൾമെന്റ് ഫലപ്രാപ്തി കൈവരിക്കാൻ സാധിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നടപ്പുവർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിലായി 6000 പട്ടികവർഗ്ഗ വിദ്യാർഥികൾ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയിട്ടുണ്ട്.

- **മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 22 എം.ആർ.എസ്.-കളിലായി 7099 വിദ്യാർഥികളും 110 പ്രീ-മെട്രിക് ഹോസ്റ്റലുകളിലും 10 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലുമായി 5518 വിദ്യാർഥികളും പഠനം നടത്തിവരുന്നു.

ഹോസ്റ്റലുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഹോസ്റ്റലുകളിലെ വിദ്യാർഥികളുടെ വിദ്യാഭ്യാസ പിന്തുണയ്ക്കായി പാർട്ട് ടൈം ട്യൂട്ടർ/ റസിഡന്റ്സ് ട്യൂട്ടർ, സ്റ്റുഡന്റ് കൗൺസിലർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഗണിത വിഷയങ്ങളിൽ അടിസ്ഥാന തത്വങ്ങൾ ലളിതമായ രീതിയിൽ പകർന്നുനൽകുന്നതിനും

ശാസ്ത്രവിഷയങ്ങളിൽ അഭിരുചി വർധിപ്പിക്കുന്നതിനും എം.ആർ.എസ്.-കളിൽ മഞ്ചാടി, മഴവില്ല് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പ്രീ-പ്രൈമറി വിദ്യാഭ്യാസവും പ്രാഥമിക വിദ്യാഭ്യാസവും ലഭിച്ച കുട്ടികൾ മാത്രമാണ് തുടർന്നുള്ള ക്ലാസ്സിൽ ഉയർന്ന ഗ്രേഡുകളിലേക്ക് എത്തുന്നുള്ളൂവെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിലേക്കായി തുടർച്ചയായ മോട്ടിവേഷണൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

- **രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം**

പ്രൈമറി തലത്തിൽ വിദ്യാർഥികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് 75% ഹാജരുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് 500 രൂപ വീതം പ്രോത്സാഹന ധനസഹായം നൽകി.

- **ഗോത്രബന്ധു പദ്ധതി**

പ്രൈമറി തലത്തിൽ പഠിക്കുന്ന വിദ്യാർഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗോത്രബന്ധു പദ്ധതി പ്രകാരം പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിലായി 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

- **വിദ്യാവാഹിനി പദ്ധതി**

ദുർഘട പ്രദേശത്ത് താമസിക്കുന്ന വിദ്യാർഥികൾക്ക് വാസസ്ഥലത്തുനിന്നും സ്കൂളിൽ പോയിവരാൻ യാത്രാസൗകര്യമൊരുക്കി നൽകുന്നതിനായുള്ള വിദ്യാവാഹിനി പദ്ധതി പ്രകാരം 689 സ്കൂളുകളായി 25147 വിദ്യാർഥികൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

വിവിധ സ്കോളർഷിപ്പുകൾ

- **പ്രീമെട്രിക് സ്കോളർഷിപ്പ്**

നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി.-വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു. കൂടാതെ 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു.

- **പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്**

പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്നവർക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി മുഖേന വിവിധ നിരക്കുകളിൽ വിദ്യാഭ്യാസാനുകൂല്യം

വിതരണം ചെയ്തുവരുന്നു. ഏകദേശം 15233 വിദ്യാർഥികൾക്ക് പ്രയോജനം ലഭിക്കുന്നു.

- **സമർഥരായ വിദ്യാർഥികൾക്ക് പ്രോത്സാഹന ധനസഹായം**

അക്കാദമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. ഏകദേശം 1915 വിദ്യാർഥികൾക്ക് പ്രയോജനം ലഭിക്കുന്നു.

- **അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി**

സമർഥരായ പട്ടികവർഗ്ഗ വിദ്യാർഥികളെ മത്സര പരീക്ഷയിലൂടെ കണ്ടെത്തി അവരുടെ അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള തുടർപഠനത്തിനായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി യു.പി. തലത്തിൽ പഠിക്കുന്ന 750 വിദ്യാർഥികൾക്കും ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന 750 വിദ്യാർഥികൾക്കും പ്രയോജനം ലഭിക്കുന്നു.

- **സാമൂഹ്യ പഠനമുറി**

സ്കൂളിൽനിന്നും നഗറുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് Internet-Facility-യോടുകൂടിയുള്ള പഠന സൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. 364 സാമൂഹ്യ പഠനമുറികളിലായി ഏകദേശം 7000 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

- **ട്യൂട്ടോറിയൽ ഗ്രാന്റ്**

8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് അക്കാദമിക് പിന്തുണ നൽകുന്നതിനായി ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നു.

അനുബന്ധം - 2

ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയവെ PWD4U ആപ്പ് വഴി സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്ത പരാതികളുടെ എണ്ണം സംബന്ധിച്ച് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച വിശദാംശങ്ങൾ

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദേശങ്ങളും ജനങ്ങൾക്ക് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താനായി PWD 4 U ആപ്പിന് രൂപം നൽകി. ഈ ആപ്പ് വഴി ഇതുവരെ 29878 പരാതികൾ ലഭിച്ചു. വകുപ്പുമായി ബന്ധപ്പെട്ട അടിയന്തരമായി പരിഹരിക്കേണ്ട 23836 പരാതികൾ പരിഹരിച്ചു. നിർദേശങ്ങൾ സമർപ്പിക്കാനായി പ്രത്യേക ഹെൽപ്‌ലൈൻ നമ്പറും തയ്യാറാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയ വഴി ലഭിക്കുന്ന പരാതികൾ പരിഹരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.